# ഭരണഭാഷ - മാതൃഭാഷ

Registered Tapal

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - വയനാട് ജില്ലാ പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലിക നിയമനം - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/36656/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 01.11.2023

---

വായന:- 1.21.10.2023 - ലെ ഡബ്ല്യുആർ II (2) 399674/2021 (6) നമ്പർ വയനാട് ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശിപാർശ
2.05.03.1974 - ലെ സ ഉ (പി) നം.49/74/പിഡി നമ്പർ സർക്കാർ ഉത്തരവ്
3.18.07.1974 - ലെ സ ഉ (കൈ) നം170/74/പിഡി നമ്പർ സർക്കാർ ഉത്തരവ്
4.29.03.1990 - ലെ 3737/റൂൾസ്/1/90/പി&എആർഡി നമ്പർ സർക്കാർ സർക്കുലർ
5.15.02.1991 - ലെ സ ഉ (പി) നം.7/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
6.06.06.2011- ലെ സ ഉ (പി) നം.15/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
7.30.06.2011- ലെ സ ഉ (പി) നം..20/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
8.07.01.2013 - ലെ സ ഉ (പി) നം.20/2013/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
9.03.04.2013 - ലെ സ ഉ (പി) നം.149/2013/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
10.15.11.2016 - ലെ സ ഉ (പി) നം.171/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
11.17.08.2021 - ലെ സ.ഉ (പി) നം 118/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

വായന (1) നിയമന ശിപാർശ പ്രകാരം,സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ **വയനാട്** ജില്ലാ തല നിയമനമായി വയനാട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്തിരിക്കുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥിയെ, 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, റൂൾ 3(സി), റൂൾ 9 (എ) (ഐ), റൂൾ 10 (ബി) എന്നിവകൾക്ക് വിധേയമായി ഈ വകുപ്പിലെ ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2.വായന (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം ടി താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയ്ക്ക് മാത്രമേ ടി താൽക്കാലിക നിയമനം ക്രമീകരിക്കുന്നതിന് ഉദ്യോഗാർത്ഥി അർഹത നേടുകയുള്ളൂ.

നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| **വായന (1) നിയമന ശിപാർശയിലെ ക്രമ നമ്പർ** | **പേരും,മേൽ വിലാസവും** | **നിയമനം അനുവദിക്കുന്ന സ്ഥാപനം** |
|---|---|---|
| 1 | **രേഷ്മ രാജ്.വി<br>പാറക്കണ്ടിയിൽ ഹൌസ്,<br>അസുരലൻകാവ് റോഡ്, എൻ.ഐ.ടി<br>പോസ്റ്റ്, കോഴിക്കോട് - 673601** | **സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,വയനാട്** |

3.ടി ഉദ്യോഗാർത്ഥി, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ - ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ **20.11.2023 നോ അതിനു മുൻപോ** ജോലിക്കു ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടി നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

4.ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളിനെ

Draft #4 of File ED1/36656/23/DTE Approved by Senior Administrative Officer on 01-Nov-2023 09:39 AM - Page 1

നിയമന ശിപാർശ ചെയ്ത വയനാട് ജില്ല പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ പുനർ നിയമനത്തിനായി പേര് റീ - രജിസ്റ്റർ ചെയ്യാവുന്നതോ, അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

5.സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

6.ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ), ഫോട്ടോ, ഒപ്പ് എന്നിവ ഈ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ വൺ - ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൻറെ അസ്സലുമായി പരിശോധിച്ച് ബോധ്യപ്പെട്ടതായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

7.ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ടിയാളിൽ നിന്നും വായന (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വഭാവവും, പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപ്പത്ര ഫാറം യഥാവിധി പൂരിപ്പിച്ച് സ്ഥാപന മേധാവി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

8.വായന (11) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർഥിയുടെ പേർസണൽ മെമ്മോറാണ്ടം,സർവീസ് ഡീറ്റെയിൽസ് എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള പ്രോഫോർമ, നിയമന ശിപാർശ കത്തിൻറെയും, നിയമന ഉത്തരവിൻറെയും പകർപ്പുകൾ എന്നിവ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി പിഎസ്‌സി നിയമന പരിശോധനക്കായി ഈ കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

9.വായന (8) & (9) സർക്കാർ ഉത്തരവുകളിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ടി ഉദ്യോഗാർത്ഥിയുടെ നിയമനം.

10.ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്.

11.വായന (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയുടെ പേരിലുള്ള സ്ഥാവര - ജംഗമ വസ്തുകളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

12.ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ - ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ, പി.എസ്.സി ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന നിയമന ശിപാർശ എന്നിവകളുടെ **അസ്സലുകൾ** പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

ഉള്ളടക്കം :- മേൽ പ്രസ്താവ്യം

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

രേഷ്മ രാജ്.വി
പാറക്കണ്ടിയിൽ ഹൌസ്, അസുരലൻകാവ് റോഡ്, എൻ.ഐ.ടി പോസ്റ്റ്,
കോഴിക്കോട് - 673601
.................................................................................

RESHMA RAJ.V
PARAKANDIYIL HOUSE,
ASURALANKAVU ROAD,NIT POST
KOZHIKODE - 673601

(രജി തപാൽ എ.ഡി.കാർഡ് സഹിതം)

Draft #4 of File ED1/36656/23/DTE Approved by Senior Administrative Officer on 01-Nov-2023 09:39 AM - Page 2

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ,തിരുവനന്തപുരം

2.പ്രിൻസിപ്പാൾ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,വയനാട് (വൺ - ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പിസിഎൻ - 220011452 അസ്സൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) (രജി തപാൽ)

3.സൂപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം,ഡിടിഇ (ഡിഡിഎഫ്എസ് വഴി)

4.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 01.11.2023
Reason: Approved

Draft #4 of File ED1/36656/23/DTE Approved by Senior Administrative Officer on 01-Nov-2023 09:39 AM - Page 3

The document is digitally approved. Hence signature is not needed.